# അദ്ധ്യായം - 41



*ചിത്രത്തിന്റെ കഥ - കീറത്തുണികൾ മോഷ്ടിക്കലും ജ്ഞാനേശ്വരി പാരായണവും.*

*കഴിഞ്ഞ അദ്ധ്യായത്തിൽ പറഞ്ഞ സംഭവത്തിന് ശേഷം 9 കൊല്ലം കഴിഞ്ഞ് ആലിമുഹമ്മദ് ഹേമദ്പാന്തിനെ കാണാനിടവരികയും താഴെ വിവരിക്കുന്ന കഥ പറയുകയും ചെയ്തു.*

ഒരിക്കൽ ബോംബെയിലെ നിരത്തിൽ കൂടി നടക്കുമ്പോഴാണ് ഒരു വഴിക്കച്ചവടക്കാരനോട് അയാൾ ആ ചിത്രം വാങ്ങിയത്. പിന്നീട് അത് ചില്ലിട്ട് അയാളുടെ ബാന്ദ്രയിലുള്ള വീട്ടിന്റെ ചുവരിൽ തൂക്കി ബാബയെ അയാൾക്ക് ബഹുമാനമായതുകൊണ്ട് എന്നും ആ പടം ദർശിക്കും. ഹേമദ്പാന്തിന് ഈ ചിത്രം കൊടുക്കുന്നതിന് മൂന്നു മാസങ്ങൾക്ക് മുമ്പ് അയാളുടെ കാലിൽ ഒരു കുരു വന്ന് വീർത്ത് കഷ്ടത്തിലായി. ഒരു ഓപ്പറേഷനും കഴിച്ച്, അയാളുടെ അളിയൻ നൂർമുഹമ്മദ് പീർഭായിയുടെ ബോംബെയിലുള്ള വീട്ടിൽ കിടപ്പായി. ഈ മൂന്നു മാസക്കാലവും ബാന്ദ്രയിലുള്ള അയാളുടെ വീട് പൂട്ടികിടക്കുകയായിരുന്നു. ആരും അവിടെ

താമസമുണ്ടായിരുന്നില്ല. പ്രശസ്തനായ ബാബാ അബ്ദുൾറഹിമാൻ, മൗലാനാ സാഹെബ് മുഹമ്മദ് ഹുസൈൻ, ബാബാ സായി, ബാബാ താജ്ജുദീൻ മുതലായ സിദ്ധയോഗികളുടെ ചിത്രങ്ങൾ മാത്രമേ അവിടെ ഉണ്ടായിരുന്നുള്ളൂ. കാലം ഈ ചിത്രങ്ങളെയും ഒഴിവാക്കിയില്ല. അയാൾ സുഖക്കേടായി ബാന്ദ്രയിൽ കിടപ്പിലാണ്. എന്തിനാണ് ബാന്ദ്രയിലുള്ള ചിത്രങ്ങൾ ദുരിതമനുഭവിക്കുന്നത്? അവക്കും ജനനമരണങ്ങളുണ്ടായിരിക്കുമെന്നു തോന്നുന്നു. ബാബയുടെ ചിത്രങ്ങളൊഴികെ എല്ലാം ചിതൽ തിന്നു നിശിപ്പിച്ചുകളഞ്ഞിരുന്നു. എങ്ങനെ ബാബയുടെ ചിത്രം ഒഴിവായി എന്നറിയില്ല. അത് സന്യാസിയുടെ മഹൽശക്തിയെ കാണിക്കുക മാത്രമല്ലാതെ മറ്റൊന്നുമില്ല.

അയാൾക്ക്, മുഹമ്മദ് ഹുസൈൻ താരിയാതോപ്പാൻ, ഒരിക്കൽ ഫക്കീർബാബാ അബ്ദുൾറഹിമാന്റെ ഒരു ചിത്രം കൊടുത്തിരുന്നതാണ്. അത് അയാളുടെ അളിയൻ നൂർമുഹമ്മദ് പീർഭായിക്കുകൊടുത്തു. അങ്ങനെ ആ ചിത്രം മേശവലിപ്പിൽ 8 വർഷങ്ങളോളമായി കിടക്കുകയായിരുന്നു. ഒരിക്കൽ അത് പീർഭായി കണ്ട് അത് ഒരു ഫോട്ടോഗ്രാഫറുടെ കയ്യിൽ കൊടുത്തു ആൾ വലിപ്പത്തിൽ എൻലാർജു ചെയ്യിച്ച് എല്ലാ ബന്ധുക്കൾക്കും ഓരോ കോപ്പി കൊടുത്തു. അതാണ് ബാന്ദ്രയിലെ വീട്ടിൽവെച്ചിരുന്നത്. നൂർമുഹമ്മദ്, ഫക്കീർ അബ്ദുറഹിമാന്റെ ശിഷ്യനായിരുന്നു. ഒരുപടം അദ്ദേഹത്തിന് തുറന്ന ദർബാറിൽവെച്ച് കൊടുക്കാൻ ചെന്നപ്പോൾ ഗുരു കോപിച്ച് അയാളെ തല്ലാൻ ഓടിയെത്തുകയും പുറത്താക്കുകയും ചെയ്തു. അയാൾക്കു വളരെ വ്യസനവും നിരാശയും തോന്നി. അയാൾക്കു കുറെ പണം ചിലവായതിനു പുറമെ ഗുരുവിന്റെ കോപവും നേരിടേണ്ടിവുന്നു. ഗുരുവിന് വിഗ്രഹാരാധന ഇഷ്ടമല്ലാത്തതിനാൽ, അയാൾ ചിത്ര

വുമെടുത്ത് അപ്പോളോ ബന്ദറിയിൽപോയി, ഒരു ബോട്ട് കൂലിക്കെടുത്ത് നടുക്കടലിൽപോയി അവിടെ കടലിൽ ചിത്രം വലിച്ചെറിഞ്ഞ്, വെള്ളത്തിൽ താഴ്ത്തി. അയാൾ പടംകൊടുത്തിരുന്ന എല്ലാ ബന്ധുക്കളോടും അവ തിരിച്ചുവാങ്ങി. ഒട്ടാകെ ആറുപടങ്ങൾ ഒരു മീൻപിടുത്തക്കാരനെ ഏർപ്പാടുചെയ്ത് ബന്ദ്രയിൽവെച്ച് കടലിലിടിച്ചു. അന്നേരം ആലി മുഹമ്മദ് അയാളുടെ വീട്ടിൽ കിടപ്പിലായിരുന്നു. അയാളോട് എത്രയുംവേഗം ഫക്കീർമാരുടെ ചിത്രങ്ങൾ കടലിൽ മുക്കിക്കളയുന്നുവോ അത്രയു വേഗം അയാൾക്ക് സുഖപ്പെടുമെന്നുപദേശിക്കുകയും ചെയ്തു. അതുകേട്ട്, ആലിമുഹമ്മദ്, അയാളുടെ മാനേജരെ അയച്ച് ബാന്ദ്രയിലെ വീട്ടിൽനിന്ന് എല്ലാ പടങ്ങളും എടുപ്പിച്ച് കടലിലിടുകയും ചെയ്തു. ആലിമുഹമ്മദ് രണ്ടുമാസങ്ങൾ കൂടി കഴിഞ്ഞു വന്നപ്പോൾ, ബാബയുടെ പടം മാത്രം ചുമരിൽ കണ്ട് അതിശയിച്ചുപോയി. അയാൾക്ക് അയാളുടെ മാനേജർ, ഈ പടം മാത്രം , എടുക്കാത്ത കാരണം മനസ്സിലായില്ല. ഉടനെ അതെടുത്തുമാറ്റി അലമാറയിൽവെച്ചു. അയാളുടെ അളിയനോ മറ്റോ കണ്ടാൽ ഉടനെ അതും നശിപ്പിക്കുമായിരുന്നു. ഇനി എന്തു ചെയ്യണമെന്നും ആരാണത് കേടുവരാതെ സൂക്ഷിക്കുക എന്നും ചിന്തിച്ചുകൊണ്ടിരിക്കുമ്പോൾ സായിബാബ തന്നെ നിർദ്ദേശിച്ചപോലെ മൗലാനാ ഇസ്മുമുജാവറോട് അഭിപ്രായം ചോദിക്കുന്നതാണ് നല്ലതെന്നയാൾക്ക് തോന്നി. അങ്ങനെ മൗലാനയെ കണ്ട് വിവരങ്ങളെല്ലാംപറഞ്ഞു. അവർ രണ്ടുപേരും കൂടി ആലോചിച്ച് ചിത്രം ഹേമദ്പാന്തിനുകൊടുത്താൽ വേണ്ടപോലെ സൂക്ഷിച്ചുകൊള്ളുമെന്ന് നിശ്ചയിച്ച് രണ്ടുപേരും കൂടി ഹേമദ്പാന്തിന്റെ വീട്ടിൽ വന്ന് അവസരോചിതമായി ചിത്രം അവിടെ കൊണ്ടുവന്നതാണ്.

ഈ കഥ ബാബക്ക് ഭൂതവും ഭാവിയും വർത്തമാനവും ഒരുപോലെ അറിയാമായിരുന്നുവെന്നും കാര്യങ്ങൾ സമർത്ഥമായി കൈകാര്യം ചെയ്തു ഭക്തന്മാരുടെ ഇംഗിതങ്ങൾ സാധിപ്പിച്ചു കൊടുക്കുന്നു എന്നും ഉള്ളതാണ് കാണിക്കുന്നത്. അടുത്ത കഥ ആദ്ധ്യാത്മികമായ ഏതു പരിശ്രമവും ബാബക്കിഷ്ടമായിരുന്നുവെന്നും അതിലുള്ള എല്ലാ തടസ്ഥങ്ങളും നീക്കംചെയ്തു ബാബ ഭക്തന്മാരെ സഹായിച്ചിരുന്നുവെന്നും തെളിയിക്കുന്നതാണ്.

**കീറത്തുണി മോഷണവും ജ്ഞാനേശ്വരി പാരായണവും**

ദഹനുവിലെ മംലത്ത്ദാറായിരുന്ന ബി.വി. ദേവിന്ന് ജ്ഞാനേശ്വരി വായിക്കണമെന്നാഗ്രമുണ്ടായിരുന്നു. (ജ്ഞാനേശ്വരിന്റെ മറാത്തിയിലുള്ള പ്രശസ്തമായ ഗീതാവ്യാഖ്യാനം) അയാൾ നിത്യവും ഗീതയിൽ നിന്നൊരദ്ധ്യായവും മറ്റു പുസ്തകങ്ങളിൽ നിന്ന് ഓരോ ഭാഗവും വായിക്കുമെങ്കിലും ജ്ഞാനേശ്വരി കയ്യിലെടുത്താൽ എന്തെങ്കിലും തടസ്ഥം നേരിട്ട് അത് വായിക്കാൻ കഴിയാതെ പോകലാണ് പതിവ്. അയാൽ ലീവെടുത്ത് ഷിർദ്ദിയിൽ വന്ന് കുറച്ചുദിവസം കഴിഞ്ഞ്, പൗണ്ടിലുള്ള സ്വന്തം വീട്ടിലേക്കു വിശ്രമത്തിനായി പോയി. അവിടെവെച്ചും മറ്റു പുസ്തകങ്ങൾ വായിക്കാൻ കഴിയുമെങ്കിലും ജ്ഞാനേശ്വരി കയ്യിലെടുത്താൽ ദുർവിചാരങ്ങളോ മറ്റോ മനസ്സിലുദിച്ച് വായിക്കാൻ കഴിയാതെ വരുകയായിരുന്നു പതിവ്. എത്ര പരിശ്രമിച്ചാലും മനസ്സമാധാനത്തോടുകൂടി കുറച്ചു വരികൾപോലും വായിക്കാൻ കഴിയില്ല. അങ്ങിനെ യായപ്പോൾ, ബാബ തന്റെ മനസ്സിൽ ആ പുസ്തകത്തിൻമേൽ പ്രീതിവരുത്തുന്നതുവരെ ആ പുസ്തകം തുറക്കുകപോലുമില്ലെന്ന് അയാൾ മനസാ നിശ്ചയി

ച്ചു. പിന്നീട് 1914 ഫിബ്രവരിയിൽ അയാൾ കുടുംബസമേതം ഷിർദ്ദിയിലേക്ക് പോയി. അവിടെവെച്ച് ജോഗ്, അയാളോട് ജ്ഞാനേശ്വരി പാരായണം ചെയ്യലുണ്ടോ എന്നു ചോദിച്ചു. ദേവ് അതിന് താൻ വായിക്കാൻ ശ്രമിച്ചാൽ ശരിയാവുന്നില്ലെന്നും ബാബ നിയോഗിക്കുമ്പോൾ മാത്രമേ ഇനി വായിക്കാൻ തുടങ്ങു എന്നും മറുപടി പറഞ്ഞു. ജോഗ് അതിന് ആ പുസ്തകത്തിന്റെ ഒരു പ്രതി ബാബയുടെ കൈവശം കൊടുത്ത് ബാബയുടെ സ്പർശ്നത്താൽ പാവനമാക്കി തിരികെ വാങ്ങിവായിച്ചു നോക്കാൻ നിർദ്ദേശിച്ചു. തന്റെ ആശയം ബാബക്കറിയാവുന്ന തുകൊണ്ട് അതിന്റെ ആവശ്യമില്ലെന്ന് ദേവ് മറുപടിയും പറ ഞ്ഞു. തന്റെ മനസ്ഥിതിയറിഞ്ഞ് അയാളുടെ തൃപ്തിക്കനുസ രിച്ച് വ്യക്തമായി പുസ്തകം വായിക്കാനുള്ള ഒരു കല്പന ബാബ കൊടുക്കില്ലേ?

ദേവ് പിന്നീട് ബാബയെ ദർശിച്ചു ഒരുറുപ്പിക ദക്ഷിണ കൊടുത്തു. ബാബ 20ക. ചോദിച്ചത് അയാൾ കൊടുത്തു. രാത്രി യിൽ ബാലക്റാം എന്നൊരാളെ കണ്ടപ്പോൾ അയാൾ എങ്ങിനെ ബാബയുടെ അനുഗ്രഹവും ഭക്തിയും സിദ്ധിച്ചു എന്നു ചോദി ച്ചു. ബാലക്റാം ആ വക വിവരം പിറ്റെ ദിവസത്തെ ആരതിക്കു ശേഷം പറയാമെന്നും പറഞ്ഞു. അടുത്ത ദിവസം ദേവ് ദർശന ത്തിന് പോയപ്പോൾ ബാബ 20ക. ദക്ഷിണ ചോദിച്ചത് അയാൾ സന്തോഷത്തോടുകൂടി കൊടുത്തു. മസ്ജിദ്ദിൽ ധാരാളം ജന ക്കൂട്ടമുണ്ടായിരുന്നതിനാൽ ദേവ് പോയി ഒരു മൂലക്കിരുന്നു. ബാബ അയാളോട് അടുത്തു വന്ന് മനശ്ശാന്തിയോടെ ഇരിക്കാൻ പറഞ്ഞത് അയാൾ അനുസരിച്ചു. പിന്നീട് മദ്ധ്യാഹ്ന ആരതി കഴിഞ്ഞശേഷം ജനങ്ങളെല്ലാം പിരിഞ്ഞതിൽപിന്നെ ദേവ്, ബാല ക്റാമിനെ കണ്ട് എങ്ങനെയാണയാൾ ബാബയെ കണ്ടെതന്നും

ബാബ എന്തു പറഞ്ഞുവെന്നും എങ്ങനെയാണ് ധ്യാനം പഠിപ്പിച്ചതെന്നും മറ്റും ചോദിച്ചു. ബാലക്റാം മറുപടി പറയാൻ തുടങ്ങുമ്പോഴെക്കും ബാബ, ചന്ദ്രു എന്നുപേരായ കുഷ്ഠരോഗിയായ ഒരു ഭക്തനെ അയച്ച് ദേവിനെ വിളിപ്പിച്ചു. ദേവ് അടുത്തു വന്നപ്പോൾ ആരോട് എന്തായിരുന്നു അന്വേഷിച്ചിരുന്നതെന്ന് ചോദിച്ചു. ദേവ് അതിന് അയാൾ ബാലക്റാമിനോട് സംസാരിച്ചുവെന്നും അയാളിൽ നിന്ന് ബാബയുടെ കീർത്തി കേട്ടുവെന്നും പറഞ്ഞു. ബാബ വീണ്ടു 25ക. കൂടി ദക്ഷിണ ചോദിച്ചത് ദേവ് സന്തോഷത്തോടെ കൊടുത്തു. പിന്നെ ബാബ അയാളെ അകത്തുകൊണ്ടുപോയി തൂണിൽ ചാരിയിരുന്നു അയാളെ ഇപ്രകാരം കുറ്റപ്പെടുത്തി. 'നീ എന്റെ കീറത്തുണികൾ എന്റെ അറിവില്ലാതെ മോഷ്ടിച്ചു'. ദേവ് അതിനെപ്പറ്റി തനിക്കൊന്നും അറിയില്ലെന്നു പറഞ്ഞപ്പോൾ ബാബ തിരഞ്ഞു നോക്കാൻ പറഞ്ഞു. ദേവ് തിരഞ്ഞിട്ടൊന്നും കണ്ടില്ല. അപ്പോൾ ബാബ കോപിച്ച് പറഞ്ഞു 'ഇവിടെ മറ്റാരും ഇല്ല, നീ തന്നെയാണ് കള്ളൻ ഇത്ര നരച്ച് വയസ്സായി നീ ഇവിടെ കക്കാൻ വന്നിരിക്ക്യാണ്'. ബാബ ഇതും പറഞ്ഞ് വളരെയധികം കോപിച്ച് കണ്ടമാനം ചീത്തപറഞ്ഞു. ദേവ് നിശബ്ദനായി നോക്കിയിരുന്നു. തനിക്കടി കിട്ടുമെന്നുപോലും അയാൾ കരുതി. ഒരു മണിക്കൂർ ഇങ്ങനെ കഴിഞ്ഞു. ബാബ അയാളോട് വാഡയിലേക്ക് പെയ്ക്കൊള്ളാൻ പറഞ്ഞു. അയാൾ വാഡയിലേക്കു മടങ്ങി ജോഗിനോടും ബാലക്റാമിനോടും സഭവിച്ചതെല്ലാം പറഞ്ഞു. വൈകുന്നേരം ബാബ ദേവിനെയും ബാക്കി എല്ലാവരെയും വരാൻ പറഞ്ഞയച്ചു വരുത്തി അവരോടായി തന്റെ വാക്കുകൾ ആ വൃദ്ധനെ വേദനിപ്പിച്ചിട്ടുണ്ടാവുമെങ്കിലും അയാൾ കളവു നടത്തിയതുകൊണ്ട് പറയാതിരിക്കാൻ തനിക്ക് നിവൃത്തിയില്ലെന്നും പറഞ്ഞു. ബാബ വീണ്ടും

12 ക. കൂടി ചോദിച്ചത് പലരോടുംകൂടി വാങ്ങി ബാബക്ക് കൊടുത്ത് സാഷ്ടാംഗപ്രണാമം ചെയ്തു. പിന്നീട് ബാബ നിർദ്ദേശിച്ചു. "നിത്യവും ജ്ഞാനേശ്വരി വായിക്കണം. വാഡയിൽ പോയിരുന്ന് നിത്യവും ഓരോ ഭാഗവും വായിച്ച്, വായിക്കുന്ന ഭാഗം അവിടെയുള്ളവർക്ക് ഭക്തിയോടും സ്നേഹത്തോടുംകൂടി വ്യാഖാനിച്ചുകൊടുക്കുക. ഞാൻ ഇവിടെ ഇരിക്കുന്നത് ഒരു ഒന്നാന്തരം സുവർണ്ണ കമ്പളം തന്നെ തരാനാണ്. പിന്നെ എന്തിന് കണ്ടവരോട് കീറത്തുണി മോഷ്ടിക്കുന്നു? എന്തിനാണ് ഈ മോഷണ സ്വഭാവം വളർത്തുന്നത്?

ദേവ്, ബാബയുടെ വാക്കുകേട്ട് സംതൃപ്തനായി. അയാളോട് ജ്ഞാനേശ്വരി വായിക്കാൻ കൽപിക്കുകയും ചെയ്തുവല്ലോ. അയാൾക്കു വേണ്ടതുകിട്ടി എന്ന് ആലോചിച്ച് സന്തുഷ്ടനായി. അന്നു മുതൽ ഭക്തിപൂർവ്വം വായന തുടങ്ങാൻ നിശ്ചയിച്ചു. അയാൾ വീണ്ടും ബാബയെ നമസ്കരിച്ച് തന്നെ ഒരു കുട്ടിയെപോലെ കരുതി വായനയിൽ സഹായിക്കണമെന്നപേക്ഷിച്ചു. ബാബ "കീറത്തുണി മോഷ്ടിക്കൽ" എന്നു പറഞ്ഞതിന്റെ പൊരുൾ അയാൾക്കു മനസ്സിലായി. അയാൾ ബാലക്റാമിനോട് ചോദിച്ചതാണ് "കീറത്തുണികൾ". അയാളുടെ ആ ചോദിക്കൽ ബാബക്ക് ഇഷ്ടപ്പെട്ടില്ല. സായിബാബ തന്നെ എല്ലാ ചോദ്യത്തിനും മറുപടി പറയാൻ തയ്യാറായിരിക്കെ അന്യരോട് വേണ്ടാത്തത് ചോദിക്കുന്ന സ്വഭാവം സായിബാബക്ക് പിടിച്ചില്ല. അതാണ് ചീത്ത പറയാൻ കാരണം. ദേവിന് അയാളെ ചീത്തപറഞ്ഞുവെന്നല്ലാ തോന്നിയത്. ബാബ എല്ലാ സംശയങ്ങളും തീർത്തു കൊടുക്കാൻ തയ്യാറാണെന്നും മറ്റുള്ളവരോട് വെറുതെ ചോദിക്കേണ്ട കാര്യമില്ലെന്ന് വ്യക്തമാക്കിയതാണെന്നുമാണ് അയാൾ വിശ്വസിച്ചത്. ഈ അധിക്ഷേപങ്ങളെ ബാബയുടെ

പൂക്കളും അനുഗ്രഹങ്ങളായി കരുതി സന്തുഷ്ടിയോടും സംതൃ പ്തിയോടും കൂടി വീട്ടിലേക്ക് മടങ്ങി.

സംഗതി അവിടെ അവസാനിച്ചില്ല. വായിക്കാനുള്ള ഒരു കല്പന കൊടുക്കലോടുകൂടി ബാബ നിർത്തിയില്ല. ഒരു കൊല്ല ത്തിലധികം ബാബ ദേവിന്റെ അടുക്കൽ പോയി എത്രകണ്ടു പുരോഗമിച്ചു എന്നന്വേഷിച്ചു. 1914 ഏപ്രിൽ 2-നു വ്യാഴാഴ്ച കാലത്ത് ബാബ അയാൾക്കൊരു സ്വപ്നദർശനം നൽകി. ബാബ ഉയർന്ന കോലായിരുന്ന് അയാളോട് ജ്ഞാനേശ്വരി മനസ്സി ലായോ എന്നു ചോദിച്ചു. ദേവ് "ഇല്ല" എന്നു പറഞ്ഞു. ബാബ "എന്നാലിനി എന്നാണ് മനസ്സിലാക്കാൻ പോവുന്നത്? ദേവ് കര ഞ്ഞുകൊണ്ട് പറഞ്ഞു "അവിടുന്ന് അനുഗ്രഹിക്കാത്തിടത്തോളം വായന ഒരു വെറും ശല്യവും മനസ്സിലാക്കാൻ വളരെ പ്രയാസ വുമായിരിക്കും. ഞാൻ ഇത് തീർത്തു പറയുകയാണ്" ബാബ "വായിക്കുമ്പോൾ നീ തിരക്കായി വായിക്കുന്നു. സാവധാന ത്തിൽ എന്റെ മുന്നിലിരുന്ന് വായിക്കുക." ദേവ് ഞാനെന്താണ് വായിക്കേണ്ടത്? ബാബ അദ്ധ്യാത്മം വായിക്കൂ ദേവ് പുസ്തകം കൊണ്ടുവരാൻ പോവാൻ തുടങ്ങുമ്പോഴെക്കും ഉണർന്നുപോ യി. ഈ ദർശനത്തിന് ശേഷം എത്രമാത്രം ആനന്ദവും സന്തോ ഷവുമാണ് ദേവിനുണ്ടായതെന്ന് വായനക്കാർ അനുമാനിച്ചാൽ മതി.

ശ്രീ സായിയെ നമിക്കുവിൻ - ലോകശാന്തി ഭവിക്കട്ടെ!